**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 520** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഇ-ട്രഷറി റീഫണ്ടുകൾക്കുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ-ട്രഷറി വഴിയുള്ള റീഫണ്ടുകൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ഇ-ട്രഷറി വഴി നേരിട്ട് നടത്തുന്ന ഇടപാടുകളുടെ റീഫണ്ട് മറ്റ് തടസ്സങ്ങളില്ലാതെ നൽകി വരുന്നുണ്ട്. എന്നാൽ വിവിധ വകുപ്പുകളുടെ ഓൺലൈൻ സൈറ്റുകൾ വഴി നടത്തുന്ന ഇടപാടുകളുടെ റീഫണ്ട് പ്രസ്തുത വകുപ്പുകളുടെ സൈറ്റുകൾ വഴി തന്നെയാണ് നൽകേണ്ടത്. ചില വകുപ്പുകളുടെ സൈറ്റുകളിൽ റീഫണ്ട് ഓപ്ഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് ആയ 'പരിവാഹൻ' പോലെയുള്ള സൈറ്റുകളിൽ ഇത്തരത്തിൽ റീഫണ്ടിനുള്ള ഓപ്ഷൻ ഏർപ്പെടുത്തിയിട്ടില്ല. വകുപ്പുകളുടെ തന്നെ വെബ് സൈറ്റിൽ റീഫണ്ടിനുള്ള ഓപ്ഷൻ ഏർപ്പെടുത്തുന്നതിനനുസരിച്ച് ഇതിനുള്ള കാലതാമസം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതാണ്. നിലവിൽ താത്കാലിക പരിഹാരം എന്ന നിലയിൽ ഇത്തരത്തിലുള്ള റീഫണ്ടിനുള്ള പ്രത്യേക സൗകര്യം ഇ-ട്രഷറിയിൽ ഇപ്പോൾ പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ